*ഇ13-17331/2011*

*പഞ്ചായത്ത് ഡയറക്ടറേറ്റ്,*
*തിരുവനന്തപുരം, തിയതി: 17.12.2012*

*പ്രേഷിതൻ*
*പഞ്ചായത്ത് ഡയറക്ടർ*
*തിരുവനന്തപുരം.*

*സ്വീകർത്താവ്*
*എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും*

*സർ,*

***വിഷയം:-*** തദ്ദേശ സ്വയംഭരണ വകുപ്പ് - അക്കൗണ്ടന്റ് തസ്തികയിൽ 3 വർഷ സേവനം പൂർത്തീകരിച്ച ജീവനക്കാരുടെ ഹെഡ്ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പരിവർത്തനം - സംബന്ധിച്ച്.

***സൂചന:-*** 1. ജി.ഒ.(എം.എസ്) 118/09/തസ്വഭവ തീയതി 26.06.2009 നമ്പർ ഉത്തരവ്.
2. ഈ ആഫീസിലെ 09.11.2010 തീയതിയിലെ ഇ8-28/10 നമ്പർ ഉത്തരവ്.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന (1) പ്രകാരം പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം സീനിയർ യു.ഡി.ക്ലാർക്കുമാരിൽ നിന്നും അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് നിയമനം നൽകണമെന്ന ഓപ്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നടത്തിയിരുന്നു. പ്രസ്തുത ജീവനക്കാർ കുറഞ്ഞത് 3 വർഷ കാലയളവ് അക്കൗണ്ടന്റായി സേവനമനുഷ്ഠിക്കണമെന്ന നിബന്ധനയിലാണ് നിയമനം നൽകിയിട്ടുള്ളത്. ആയത് പ്രകാരം അക്കൗണ്ടന്റായി നിയമനം ലഭിച്ച് 3 വർഷം പൂർത്തീകരിച്ച അക്കൗണ്ടന്റുമാരിൽ നിന്നും ഹെഡ്ക്ലാർക്ക് തസ്തികയിലേയ്ക്ക് പരിവർത്തനം ആവശ്യപ്പെട്ട് ധാരാളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അക്കൗണ്ടന്റ് തസ്തികയിൽ 3 വർഷ സേവനം പൂർത്തിയാക്കിയിട്ടുള്ളതും ഹെഡ്ക്ലാർക്ക് തസ്തികയിലെ ലഭ്യമാകുന്ന ഒഴിവുകളിലേയ്ക്ക് പരിവർത്തനം ആഗ്രഹിക്കുന്നവരുമായ അക്കൗണ്ടന്റുമാർ ഇതോടൊപ്പമുള്ള നിശ്ചിത മാതൃകയിലെ സമ്മതപത്രത്തിൽ അപേക്ഷകൾ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം 26.12.2012-ന് മുൻപായി ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

*വിശ്വസ്തതയോടെ,*

*പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി*

ഐ.കെ

***<u>സമ്മതപത്രം</u>***

.............................................................ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഞാൻ ..............................................തീയതിയിൽ അക്കൗണ്ടന്റ് തസ്തികയിൽ 3 വർഷം സേവനം പൂർത്തിയാക്കിയിട്ടുള്ളതാണ്. എനിക്ക് ഹെഡ്ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തിക പരിവർത്തനം ചെയ്യുന്നതിന് ആഗ്രഹമുണ്ട്. ഇപ്രകാരം പരിവർത്തനം ചെയ്ത് നിയമനം ലഭിക്കുമ്പോൾ ഏത് ഗ്രാമപഞ്ചായത്തിൽ നിയമനം ലഭിച്ചാലും ജോലിയിൽ പ്രവേശിക്കുവാൻ സമ്മതമാണ് എന്ന വിവരം അറിയിക്കുന്നു.

***ഒപ്പ്:***
***പേര്***
***ഗ്രാമപഞ്ചായത്തിന്റെ പേര്***
***ജില്ല***

***സ്ഥലം***
***തീയതി***

***(ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മേലൊപ്പ്)***